LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിദൂരവും ദുർഘടവുമായ പ്രദേശങ്ങളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക യാത്രാസൗകര്യം ഒരുക്കുന്നതിന് 'ഗോത്ര സാരഥി' എന്ന പദ്ധതി ആവിഷ്കരിച്ച നടപ്പിലാക്കിവരുന്നുണ്ട്.

(ബി) പൊതുയാത്രാ സൗകര്യമില്ലാത്തതും വിദൂരവും ദുർഘടവുമായുള്ള പട്ടികവർഗ്ഗ സങ്കേതങ്ങളിലെ വിദ്യാർത്ഥികൾക്ക തങ്ങളുടെ വീട്ടിൽനിന്നും ദിവസവുംപോയി വരാനാകുന്ന വിധം സ്കൂളിലെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഗോത്ര സാരഥി പദ്ധതി ആരംഭിച്ചിട്ടുള്ളത്. ഇത്തരം സങ്കേതങ്ങളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്കൂളിൽനിന്നുള്ള കൊഴിഞ്ഞുപോക്ക് തടയുക, ഇവരുടെ വിദ്യാഭ്യാസ അവകാശ നിയമം സംരക്ഷിക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) 'ഗോത്രസാരഥി' പദ്ധതി നടത്തിപ്പിനായി വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ആയത് നടപ്പിലാക്കുന്നതിനായി ഓരോ സ്കൂളിലും ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിരുന്നു. മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത 395 സ്കൂളുകളിൽ 2013-14 സാമ്പത്തിക വർഷം പദ്ധതി വിജയകരമായി നിർവഹിക്കുകയുണ്ടായി.

2014-15 വർഷത്തിൽ ടി പദ്ധതി നടത്തിപ്പിനായി അതാത് ഗ്രാമപഞ്ചായത്ത് അധികൃതരുടെ സഹായത്തോടെ പുതിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അർഹതയുള്ള 321 സ്കൂളുകൾ തെരഞ്ഞെടുത്ത് ടി പദ്ധതി നടപ്പിലാക്കി വരുന്നു.

ആദിവാസികളുടെ അവകാശങ്ങൾ

349 (689) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനാവകാശ നിയമമനുസരിച്ചുള്ള അവകാശങ്ങൾ ആദിവാസികൾക്ക് ലഭ്യമാക്കുന്നതിൽ പട്ടികവർഗ്ഗവകുപ്പ് തികഞ്ഞ അനാസ്ഥ കാണിക്കുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വനാവകാശ നിയമങ്ങൾ അനുസരിച്ച് തങ്ങൾക്ക് ലഭ്യമാകേണ്ട അവകാശങ്ങൾ സംബന്ധിച്ച് അവബോധം പോലും ആദിവാസികൾക്ക് ഇല്ലാത്ത അവസ്ഥയാണിത് എന്ന കാര്യം അറിയാമോ ;

(സി) തങ്ങൾക്ക് ലഭ്യമാകേണ്ട അവകാശത്തെക്കുറിച്ച് ബോദ്ധ്യമില്ലാത്ത ആദിവാസി സമൂഹം കൊടിയ ചൂഷണത്തിന് വിധേയമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ആദിവാസികൾക്ക് ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ ആ വിഭാഗത്തിന്റെ അജ്ഞത മുതലെടുത്ത് പലരും തട്ടിയെടുക്കുന്നതായ സ്ഥിതിവിശേഷം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; ഇത് തടയുന്നതിന് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഇല്ല.

(ബി) വനാവകാശ നിയമങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് FRC രൂപീകരിക്കുകയും ഈ FRC മുഖേന ഊരുകൂട്ടങ്ങൾ കൂടുകയും അതനുസരിച്ച് കോളനികളിൽ ബോധവൽക്കരണ ക്ലാസ് നടത്തുകയും അപേക്ഷ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. വനാവകാശ കമ്മിറ്റി അംഗങ്ങൾ, എസ്.റ്റി. പ്രൊമോട്ടർമാർ, ഊര് മൂപ്പൻമാർ എന്നിവർക്ക് വിവിധ ജില്ലകളിൽവച്ച് വനാവകാശ നിയമത്തെപ്പറ്റി ക്ലാസ് നൽകിയിട്ടുണ്ട്.

(സി) നിലവിൽ അത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കേസ്സുകളിൽ കർശന നടപടി വകുപ്പ് സ്വീകരിക്കുകയും ആയതിന് പരിഹാരം കാണുകയും ചെയ്തിട്ടുണ്ട്.

പട്ടികഗോത്രവർഗ്ഗങ്ങളിലെ അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരം നൽകുന്നതിനുള്ള പദ്ധതി

350 (690) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികഗോത്ര വർഗ്ഗങ്ങളിലെ അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷ കാഹാരം നൽകുന്നതിനുള്ള പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly